പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3784 26-06-2012-ൽ മറുപടിയ്ക്ക്

## നാടൻ കായികവിനോദങ്ങളുടെ പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) അന്യരാജ്യങ്ങളുടെ കായികവിനോദങ്ങളും കായിക മത്സരങ്ങളുമാണ് നമ്മുടെ സംസ്ഥാനത്ത് അധികമായി പ്രചരിപ്പിക്കപ്പെടുന്നതെന്നും, നമ്മുടെ നാടിന്റെ തനത് കായിക വിനോദങ്ങൾ മിക്കവയും അന്യം നിന്നുപോയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാടൻ പന്തുകളിയടക്കം നമ്മുടെ തനത് കായിക വിനോദങ്ങളെ തിരികെകൊണ്ടുവരുവാനും യുവജനങ്ങളെയും മുതിർന്നവരെയും ഇത്തരം കളികളുടെ ആസ്വാദകരാക്കുവാനും ഇതിന്റെ ഭാഗമാക്കാനും ഉതകുന്ന ഒരു പദ്ധതി രൂപപ്പെടുത്തുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും യുവജനക്ഷേമ മന്ത്രാലയത്തിന്റെയും സംയുക്ത മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും ഗ്രാമതലം മുതൽ നാടൻ കായിക വിനോദങ്ങളുടെ പ്രദർശനത്തിനും വർഷംതോറുമുള്ള മത്സരങ്ങൾക്കും വേദിയൊരുക്കുന്ന കാര്യം പരിഗണിക്കുമോ ? | & (ബി) നാടൻ കായികവിനോദങ്ങളുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനുമായി സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി എല്ലാ വർഷവും ഗ്രാമതലം മുതൽ കേരളോത്സവം സംഘടിപ്പിച്ചുവരുന്നു. സർക്കാർ അംഗീകരിച്ച കേരളോത്സവ മാനുവലിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഇനങ്ങളിലാണ് മത്സരം സംഘടിപ്പിക്കുന്നത്. അത്‌ലറ്റിക്സ്, നീന്തൽ, ഗെയിംസ് എന്നിവയ്ക്ക് പുറമെ വടംവലി, കളരിപ്പയറ്റ് തുടങ്ങിയ നാടൻ ഇനങ്ങളും കൂടാതെ ഞാറുനടീൽ, തെങ്ങുകയറ്റം, കിളയ്ക്കൽ, ഓലമെടയൽ തുടങ്ങിയ കാർഷിക മത്സര ഇനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ